കാരൂർ സോമൻ



# പാബ്ലോ നെരൂദ

വിശക്കുമ്പോൾ കവിതയ്ക്ക്
വരണ്ട റൊട്ടിയുടെ ഭൂമുഖം
വിറച്ചു തണുക്കുമ്പോൾ
ആരാച്ചാരുടെ അവസാന ചോദ്യത്തിന്റെ
തുകിലുകൊട്ട്

ഏന്തിവലിഞ്ഞു കവിതപാടുന്ന
പാണനാരുടെ ജീവിതവ്യഥ
ഉറുമ്പിന്റെ പ്രാണവേദന
എത്ര ഹൃദയങ്ങളിൽ മുറിവേൽപ്പിച്ചു
ഒരു കവിതയെ കാറ്റേറ്റു പിടിക്കുന്നത്
എത്ര തൂക്കുമരങ്ങൾക്കു താങ്ങായാണ്
കവിത നീറിപ്പിടിക്കുന്നത്

നിറവേദനകൾ തൂക്കി വിറ്റാൽ
നിന്റെ മേൽമറുകുപോലെ
നിർവികാരതയുടെ നിറം മങ്ങിയ
നീർമണിച്ചാലുകൾ
ഇനി-യെഴുത്തിനന്ത്യമെന്നു
ഇനി-യെഴുത്തു മുറിയുമെന്നു
കത്തിയാൽ കുത്തിയെടുത്ത
ആശയത്തിന്റെ ആത്മവ്യഥ.

